പത്രക്കുറിപ്പ് 17.10.2023

# കൊച്ചിയിലെ ജർമ്മൻ ഭാഷാ പരീക്ഷാ തട്ടിപ്പ്- കടുത്ത നടപടിയുമായി ന്യൂഡൽഹിയിലെ മാക്സ് മുള്ളർ ഭവൻ

തിരുവനന്തപുരം: ജർമ്മൻ ഭാഷാ പ്രാവീണ്യ പരീക്ഷയ്ക്കുള്ള അവസരം തരപ്പെടുത്തി നൽകാമെന്ന് വാഗ്ദാനം ചെയ്ത് കൊച്ചിയിലെ ചില ഏജൻസികൾ തട്ടിപ്പ് നടത്തുന്നതിനെതിരെ ന്യൂഡൽഹിയിലെ മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട് രംഗത്തെത്തി. ഇത്തരം തട്ടിപ്പുകാർക്കെതിരെ നിയമനടപടി ആരംഭിച്ചതായി മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട് വാർത്താക്കുറിപ്പിൽ അറിയിച്ചു.

ജർമ്മൻ ഭാഷാ പ്രചാരണത്തിനായി ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ജർമ്മൻ സർക്കാർ സ്ഥാപനമാണ് മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട്. ഭാഷാ പ്രചാരണത്തിനൊപ്പം ആഗോളതലത്തിൽ പ്രാവീണ്യ പരീക്ഷ നടത്തുന്നതും ഈ സ്ഥാപനമാണ്.

മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകൃത വെബ്സൈറ്റിലൂടെ മാത്രമേ വിദ്യാർത്ഥികളും ഉദ്യോഗാർത്ഥികളും പരീക്ഷ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാവൂ എന്ന് അറിയിച്ചു. പരീക്ഷാ കേന്ദ്രം, ഏതുതരം പരീക്ഷ എന്നിവയൊക്കെ വെബ്സൈറ്റിലൂടെ അറിയാം.

പരീക്ഷാ തട്ടിപ്പിനിരയാവർക്ക് വേണ്ട പിന്തുണ നൽകുമെന്ന് മാക്സ് മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിട്ടുണ്ട്. ഇവർ നടത്തുന്ന നിയമപോരാട്ടത്തിൽ എല്ലാ വിധ സഹകരണവും സ്ഥാപനം നൽകും. ഭാവിയിൽ ഇത്തരം തട്ടിപ്പുകൾ നടക്കാതിരിക്കുന്നതിനു വേണ്ടി ഓൺലൈൻ രജിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നതിന് പുറമെ രാജ്യത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജർമ്മൻ ഭാഷ പഠിപ്പിക്കുന്നുണ്ട്. എന്നാൽ അടിസ്ഥാന പരീക്ഷകൾ നടത്താനുള്ള ചുമതല മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ടിനാണ്. ഈ പരീക്ഷ വിജയിച്ചാൽ മാത്രമെ ജർമ്മനിയിൽ പഠിക്കാനോ ജോലി ചെയ്യാനോ സാധിക്കൂ. അതിനാൽ തന്നെ മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ടിന് പുറത്ത് പഠിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈനായി  പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.

വർഷം തോറും ആഗോളതലത്തിലെ മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി അഞ്ച് ലക്ഷത്തിലധികം പേരാണ് ജർമ്മൻ ഭാഷാപരീക്ഷയെഴുതുന്നത്. അടുത്ത കാലത്ത് ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള ധാരണപ്രകാരം ജർമ്മനിയിലേക്കുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയ വർധനയാണുണ്ടായിരിക്കുന്നത്.

ഈ തള്ളിക്കയറ്റം മുതലെടുത്താണ് പല ഏജന്റുമാരും വിദ്യാർത്ഥികളെ തട്ടിപ്പിനിരയാക്കുന്നതെന്ന് മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട് സംശയിക്കുന്നു. അതിനാൽ തന്നെ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാ

www.goethe.de

GOETHE INSTITUT
Sprache. Kultur. Deutschland.

രം കാണാനായി മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട് പരിശ്രമിക്കുകയാണ്.

ഈ തട്ടിപ്പിനിരയാവരോട് മാക്സ്മുള്ളർ ഭവൻ/ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട് എല്ലാ ഐക്യദാർഢ്യവും പ്രഖ്യാപിച്ചു. ദശാബ്ദങ്ങളുടെ പാരമ്പര്യമുള്ള ഈ സ്ഥാപനം വിദ്യാർത്ഥികളോടും അവരുടെ കുടുംബാങ്ങളോടുമൊപ്പമാണെന്നും ഉറപ്പ് നൽകി.

കൂടുതൽ വിവരങ്ങൾക്ക്:

**Dr. Alexandra Mittler**
Leiterin Spracharbeit mit Regionalauftrag Südasien
Director Language Programs South Asia
Stellvertretende Institutsleiterin/Deputy Executive Director
Goethe-Institut/Max Mueller Bhavan New Delhi
3, Kasturba Gandhi Marg New Delhi – 110001
+91 11 2347 1100 | Alexandra.Mittler@goethe.de

**Abhyudai Dhawan**
Coordinator Public Relations and Communication
Goethe-Institut / Max Mueller Bhavan
3 Kasturba Gandhi Marg, New Delhi 110001
+91 76692 56661 | abhyudai.dhawan@goethe.de